**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** **30-08-2022 - ൽ മറുപടിയ്ക്ക്**

**കെയ്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ജില്ല തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (എ) | **(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു<br><br>കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന 'SANKALP' പദ്ധതിയുടെ ഭാഗമായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ മേൽനോട്ടത്തിൽ ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ നൈപുണ്യ സമിതിയുടെയും സഹായത്തോടെ എല്ലാ ജില്ലകളിലും ജില്ലാതല തൊഴിൽ മേളകൾ സംഘടിപ്പിച്ചു. ഈ തൊഴിൽമേളകൾ വഴി 3,233 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു.<br><br>ഓരോ ജില്ലകളിലും ജോലി ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 186, കൊല്ലം - 399, ആലപ്പുഴ – 198, പത്തനംതിട്ട – 243, ഇടുക്കി - 132, കോട്ടയം - 351. എറണാകുളം- 58, തൃശൂർ – 307, പാലക്കാട് - 355, മലപ്പുറം - 246, കോഴിക്കോട് - 132, വയനാട് - 150, കണ്ണൂർ – 112, കാസർഗോഡ് -358<br><br>വിവിധ നൈപുണ്യ വികസന പദ്ധതികളുടെ ഏകോപനം നടപ്പിലാക്കുന്നതിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷനുമായി സഹകരിച്ച് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കുമായി ബന്ധപ്പെട്ട വർക്ക് ഷോപ് കേരളത്തിലെ |

എല്ലാ നൈപുണ്യ വികസന ഏജൻസികൾക്കുമായി സംഘടിപ്പിച്ചിരുന്നു.

സങ്കൽപ് പദ്ധതിയിൽ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി കളിമൺ നിർമാണ പ്രവർത്തനങ്ങളിൽ പെരിയ പോട്ടറി സൊസൈറ്റിയിലെ 18 അംഗങ്ങൾക്ക് പാലക്കാടുള്ള ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.

ഹ്രസ്വകാല പരിശീലന പരിപാടികളുടെ ഭാഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽ എൻജിനിയറിങ് ആൻഡ് ടെക്നോളജി (CIPET) യുമായി സഹകരിച്ച് പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിലെ 25 വിദ്യാർത്ഥികൾക്കായി പ്ലാസ്റ്റിക് ഇൻജെക്ഷൻ മോൾഡിംഗ് കോഴ്സ് നടത്തുകയും പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും വിവിധ കമ്പനികളിലായി നിയമനം നേടാൻ സഹായിക്കുകയും ചെയ്തു.

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി തിരുവനന്തപുരം ജില്ലയിൽ NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം 2015 മുതൽ KASE ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 155 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും, 107 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

KASE ന് കീഴിൽ ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 170 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും, 122പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

നിർമ്മാണമേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന

തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നല്കി അതിവിദഗ്ധ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC) 2015 മുതൽ KASE ന് കീഴിൽ പ്രവർത്തിച്ച വരുന്നു . ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 231 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും, 28 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

KASE- ഉം ഒഡെപെക് (ODEPC) മായി സഹകരിച്ച് Multi Language Learning Institute എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET പരിശീലന കേന്ദ്രം 2020 മുതൽ പ്രവർത്തിച്ച വരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 231 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും, 28 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

KASE- ഉം ഒഡെപെക് (ODEPC) മായി സഹകരിച്ച് Occupation Training and Exam Centre (OTEC) എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ 2021 മുതൽ Occupational English Test- നായി (OET) പരീക്ഷ കേന്ദ്രം പ്രവർത്തിച്ച വരുന്നു. ഈ കേന്ദ്രം വഴി 114 പേർ OET പരീക്ഷ എഴുതുകയുണ്ടായി.

കേന്ദ്ര നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസി ആയ അനെർട്ടും KASE ഉം കൈ കോർത്തുകൊണ്ട് ഈ മേഖലയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രം തിരുവനന്തപുരത്ത് 2021 ൽ ആരംഭിച്ചു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 196 പേർക്ക് തൊഴിൽ പരിശീലനം നൽകി.

M/s. Sports Research Management Institute എന്ന തിരുവനന്തപുരത്തുള്ള സ്ഥാപനം നടത്തുന്ന കായിക മേഖലയിലെ 2017 മുതൽ KASE അംഗീകാരം (accreditation) ഉള്ള PG Diploma in Sports Management, Certified Sports Manager, Advanced Diploma in Sports Business and Advanced Diploma in

| | | | | |
|---|---|---|---|---|
| | | | | Sports Engineering എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചു വരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 24 പേർക്ക് പരിശീലനം നൽകുകയും 5 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.<br><br>സങ്കൽപ് പദ്ധതിയുടെ കീഴിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കു വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പരിപാടികളുടെ ഭാഗമായി വനിതകൾ, പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങൾ, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ പുതുതായി അനുവദിച്ച കൗശൽ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിശദവിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ? | (ബി) | **(ബി)** കൗശൽ കേന്ദ്ര യുടെ സെന്ററുകൾ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കോഴിക്കോട്ട ജില്ലയിലെ പാളയത്തും കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിലും നിലവിൽ പ്രവർത്തിച്ചുവരുന്നു . പത്തനംതിട്ട ജില്ലയിലെ കോന്നി മണ്ഡലത്തിൽ പുതിയ കേന്ദ്രം ആരംഭിക്കുന്നതിനായി കെട്ടിട ഉടമയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർക്കാർ അംഗീകൃത ഏജൻസി മുഖനെ ലഭിച്ച ഇന്റീരിയർ, ഇലക്ട്രിക്കൽ, പ്ലമ്പിങ് തുടങ്ങിയ ജോലികൾക്കായുള്ള എസ്റ്റിമേറ്റുകളുടെ പരിശോധന നടന്നു വരുന്നു. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ കൗശൽ കേന്ദ്ര ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് PWD വഴി വാടക നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വയനാട് ജില്ലയിൽ കൗശൽ കേന്ദ്ര ആരംഭിക്കുന്നതിനായി BSNL കെട്ടിടം ലഭ്യമാണെന്ന് ജില്ലാ കളക്ടർ അറിയിക്കുകയും തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇതു കൂടാതെ കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ പുതിയ കൗശൽ കേന്ദ്ര സെന്റർ തുടങ്ങുന്നതിനായി അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ